# മനുഷ്യജാലിക 2018

## മുദ്രവാക്യം

എസ് കെ എസ് എസ് എഫ് സിന്ദാബാദ്
മനുഷ്യജാലിക സിന്ദാബാദ്
ഭാരതമെന്നൊരു സുന്ദര ഗേഹം
മാനവസൗഹൃദ ശാദ്വലതീരം
ആയിരം ജാതി മത വർഗങ്ങൾ
അധിവസിക്കും പൂന്തോട്ടം

നാനാതത്വത്തിൽ ഏകത്വം
ഭാരതനാടിൻ അസ്ഥിത്വം
അന്ത്യംവരെയും കാത്തീടാൻ
അണിചേരുക നാം സോദരരേ
ജനാധിപത്യം മതേത്വരതം
മതസ്വാതന്ത്ര്യം പൗരാവകാശം
ഭാരത പൈതൃക സിദ്ധാന്തങ്ങൾ
സംരക്ഷിക്കുക നാം സോദരരേ

ഹിന്ദു മുസൽമാൻ ക്രിസ്ത്യാനിയും
സിക്കും പാഴ്സിയും ബുദ്ധന്മാരും
സ്നേഹത്തോടെ വസിച്ചൊരു നാട്ടിൽ
സൗഹാർദ്ദത്തിൻ പൂന്തോട്ടത്തിൽ
വർഗ്ഗീയതയുടെ വിത്ത് വിതക്കും
വിഘടനവാദികൾ നശിക്കട്ടെ
മാനവസേവ മാധവസേവ
ഉൽഘോഷിക്കും ഹിന്ദുമതം
വർഗീയതയുടെ മതമല്ല

ഫാസിസത്തിന് വഴിയല്ല
മാനവരെല്ലാം മണ്ണിൻ മക്കൾ
ഒരേ പിതാവിൻ സന്തതികൾ
സമത്വസുന്ദരമതമിസ്ലാം
ഭീകരവാദ പൊരുളല്ല.

ജാതിമത്തിൻ പേരു പറഞ്ഞ്
കാലഹം തീർത്ത് കലാപം തീർത്ത്
കബന്ധ കൂമ്പാരങ്ങളിലൂടെ
അധികാരത്തിൻ ചെങ്കോലേറാൻ
ഫാസിസ്റ്റുകൾ ശ്രമിക്കുമ്പോൾ
രാഷ്ട്രത്തിന്റെ സുരക്ഷക്കായി
ഒന്നിക്കുക നാം ഇന്ത്യക്കാർ

ഗോവധത്തിൻ പേര് പറഞ്ഞ്
ലൗജിഹാദിൻ കഥകൾ മെനഞ്ഞ്
നിരപരാധിയെ കൊല്ലുമ്പോൾ
അരുതെന്നോതാൻ അറുകൊല നിർത്താൻ
ഇതാ വരുന്നു സംഘശക്തി

അഖിലാഖിന്റെ വിലാപത്തിൽ
ജുനൈദിന്റെ നിലവിളിയിൽ
ഭാരതഭൂമി കരയുമ്പോൾ
തകരുന്നിവിടെ സൗഹാർദ്ദം
റിപ്പബ്ലിക്കിൻ സയാഹ്നത്തിൽ

എസ് കെ എസ് എസ് എഫിൻ പോരാളികൾ
ഒന്നിച്ചൊന്നായ് ഏറ്റു വിളിക്കും
വർഗീയ ഫാസിസം തുലയട്ടെ
ഭീകരവാദം നശിക്കട്ടെ

രാഷ്ട്രത്തിന്റെ സുരക്ഷക്കായ്
അഖണ്ഡഭാരത സൃഷ്ടിക്കായ്
മതസൗഹാർദ്ദം പുലരട്ടെ
മതേതരത്വം തളിർക്കട്ടെ

മുത്വലാഖിൻ പേര് പറഞ്ഞ്
ഏകസിവിൽകോഡുണ്ടാക്കുമ്പോൾ
എവിടെ നമ്മുടെ സ്വാതന്ത്ര്യം
എവിടെ മൗലിക അവകാശം

സ്വാതന്ത്ര്യത്തിൻ രണവീഥികളിൽ
പൂർവ്വികർ കാട്ടിയ പാരമ്പര്യം
ഫാസിസമല്ല സൗഹൃദമാണ്
സ്നേഹം ശാന്തി സമാധാനം

ഗാന്ധി നെഹുറു ആസാദും
ജൗഹർ ഇഖ്ബാൽ ബഹ്ദൂർഷായും
കാട്ടി തന്നൊരു കൂട്ടായ്മ
ആ സൗഹാർദം കണ്ടീടാൻ
ഒന്നിക്കുക നാം ഇന്ത്യക്കാർ

എസ് കെ എസ് എസ് എഫ് സിന്ദാബാദ്
മനുഷ്യ ജാലിക സിന്ദാബാദ്